കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പടിയൂർ ഗ്രാമ പഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി1)709/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020

ഫോൺ : 0487-2331249

ഇ-മെയിൽ :dotsr.ksad@kerala.gov.in

തീയതി:06.08.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പടിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പടിയൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 1നൽകൽഅസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്റ്റ് നം.13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി1)709/2020 തിയ്യതി : 06.08.2020

# തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 31.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് എൻക്വയറികളിലൂടെ അറിയിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.07.2020 മുതൽ 15.07.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിത ടി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സീനത്ത് പി.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ നിർമ്മൽ കെ.ജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി വിദ്യ ഒ.കെ | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.സി. ബിജു | 01-04-2018 മുതൽ 23-07-2018 വരെ |
| | ശ്രീ.സി.എസ്. സുധൻ | 24-07-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. ഫോർബി.ഇ.ജെ. | 01-04-2018 മുതൽ 25.06.2018 വരെ |
| | ശ്രീ. സീജോ കരേടൻ | 25.06.2018 മുതൽ 12.03.2019 വരെ |
| | ശ്രീ.സന്തോഷ് കുമാർ എം.ജി.<br>(അധിക ചുമതല) | 13.03.2019 മുതൽ 31.03.2019 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി. രശ്മി പി. | 01.04. 2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശ്യാമ എസ്. മേനോൻ | 01.04.2018 മുതൽ 14.03.2019വരെ |
| | ശ്രീമതി. ദ്യുതി പി.പി | 15.03.19മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി.ജാസ്മിൻ. സി. എ. (എടതിരിഞ്ഞി സർക്കിൾ) | 01.04. 2018 മുതൽ 30. 08.2018 വരെ |
| | ശ്രീമതി. ദീപ കെ. വി. (എടതിരിഞ്ഞി സർക്കിൾ) | 01.09. 2018 മുതൽ 31. 03.2019 വരെ |
| | ശ്രീ. അമൽരാജ് . ടി .വി. (പടിയൂർ സർക്കിൾ) | 01.04.2018 മുതൽ 09.04.2018 AN വരെ |
| | ശ്രീമതി. ഗീത.എം.എം. (പടിയൂർ സർക്കിൾ) | 09.04.2018 FN മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ടിറ്റ്സൺ പിൻ ഹീറോ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. നിഷ സി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ലവീണ കെ. എ | 01.04.2018മുതൽ 31.3.2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നീര പി.ജി. | 01.04.2018 മുതൽ 16.07.2018 വരെ |
| | ശ്രീമതി. കാർത്ത്യായനി.കെ.വി | 17.07.2018 മുതൽ 31.03.2019 വരെ |
| അസി. സെക്രട്ടറി | ശ്രീ. സന്തോഷ് കുമാർ എം.ജി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി.അനീഷ.പി.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. നിമ്മി.എം.എ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ലേലം - കുടിശ്ശിക ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |
| 13 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-13 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കേണ്ടതുമാണ്. | 1-14 |
| 15 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ - തുടർനടപടി അറിയിക്കേണ്ടതാണ്. | 1-15 |
| 16 | രശീതി പരിശോധന അപാകതകൾ | 1-16 |
| 17 | വസ്തുനികുതി കുടിശ്ശിക എഴുതിത്തള്ളിയത് സംബന്ധിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. | 1-17 |
| 18 | പെർമിറ്റ് - അപാകതകൾ | 1-18 |
| 19 | കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-19 |
| 20 | ശുചിത്വമിഷൻ ഫണ്ട് - ചെലവു രേഖകൾ ഹാജരാക്കിയില്ല;1,40,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | പെയിൻ & പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നു. [ | 1-21 |
| 22 | ശമ്പള പരിഷ്കരണകുടിശ്ശിക- പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് | 1-22 |
| 23 | സെക്രട്ടറി നിർവ്വഹണോദ്യോഗനൽകൽഅസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് നം.1സ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-23 |
| 24 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 25 | ഭിന്നശേഷിക്കാർക്ക് ഉപകരണം – വാങ്ങൽ – ഉപകരണം നാളിതുവരെ വിതരണം ചെയ്തിട്ടില്ല. | 1-25 |
| 26 | വൃദ്ധർക്ക് കട്ടിൽ വിതരണം -ഒരു കട്ടിൽ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-26 |
| 27 | അങ്കനവാടി ആവർത്തന ചെലവ് -വൗച്ചറുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. | 1-27 |
| 28 | അംഗനവാടി പ്രവർത്തകർക്ക് അധിക വേതനം -ചലാൻ ഹാജരാക്കിയിട്ടില്ല. | 1-28 |
| 29 | അനുപൂരക പോഷകപരിപാടി -വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. | 1-29 |
| 30 | യോഗപരിശീലനം -നടത്തിപ്പിലെ അപാകതകൾ. | 1-30 |
| 31 | മരാമത്ത് പ്രവൃത്തികൾ അവലോകനം | 1-31 |
| 32 | 91-ാം നമ്പർ അംഗനവാടി നിർമ്മാണം -അപാകതകൾ | 1-32 |
| 33 | 2014-15 വർഷത്തിൽ ടെന്റർ നടപടിക്ക് മുൻപേ പൂർത്തീകരിച്ച കുറ്റിലക്കടവ് റോഡ് പ്രവൃത്തി – ഹൈക്കോടതി വിധിക്കനുസൃതമായി കോൺട്രാക്ടർക്ക് തുക കൈമാറി | 1-33 |
| 34 | എസ്റ്റിമേറ്റ് പ്രകാരമുള്ള ജനങ്ങളുടെ പൂർത്തീകരണശേഷവും പ്രവൃത്തിക്ക് പാർട്ട് ബിൽ | 1-34 |

| | | |
|---|---|---|
| | നൽകി ; വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവുതുക 88,487/രൂപ തടസ്സപ്പെടുത്തുന്നു. | |
| 35 | കോസ്റ്റ് ഇൻഡക്സ്:-പഴയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി | 1-35 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 36 | യോഗപരിശീലനം – നടത്തിപ്പിലെ അപാകതകൾ | 3-1 |
| | ഭാഗം 4 | |
| 37 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 42 | സ്ഥിര നിക്ഷേപം | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 45 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 48 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 49 | അനുബന്ധം 2 ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ബജറ്റ് 2018-2019

| | |
|---|---|
| പാസ്സാക്കിയ തിയ്യതി | 26/03/2018 |
| കമ്മിറ്റി തീരുമാനം | 1/(1) |
| പ്രതീക്ഷിത വരവ് | 10,55,45,251 |
| പ്രതീക്ഷിത ചെലവ് | 10,14,08,460 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.19 | 03.05.19 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30,23,152 |
| വരവ് | 5,21,53,792 |
| ആകെ | 5,51,76,944 |
| ചെലവ് | 5,26,91,338 |
| | |

| നീക്കിയിരിപ്പ് | 24,85,606 |
|---|---|

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11808680 | 11808680 | 11407066 | 401614 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5996000 | 5996000 | 4249645 | 1746355 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4095000 | 4095000 | 4095000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 7216893 | 7216893 | 5022228 | 2194665 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 64035113 | 95 | 38392348 | 25 | 17 | 64.29 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5034 | 502060 | 507094 | 504886 | 2208 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15776216 | 15776216 | 15776216 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23460 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 6561200 | 495 |
| വിധവാപെൻഷൻ | 8131400 | 681 |
| വാർദ്ധക്യകാലപെൻഷൻ | 16614000 | 1535 |
| വികലാംഗപെൻഷൻ | 2933900 | 242 |
| അവിവാഹിത പെൻഷൻ | 584100 | 54 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.07.2020 തിയതിയിൽ സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3374/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

- ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. പൊതുഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം

എന്ന നിർദ്ദേശം ഉയർത്തിയിട്ടുണ്ട്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

- ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കൂ. കൂടാതെ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്നും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ 2011 – ചട്ടം 137(3) പ്രകാരം ക്രമവൽക്കരണം അനുവദിച്ചതിന്റെ വിവരങ്ങൾ അടങ്ങിയ അപ്പന്റിക്സ് J മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്
- പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.
- അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.അസ്സറ്റ് രജിസ്റ്റർ നവീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2020 | 12/2019 | 07.07.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.07.10 മുതൽ 31.07.10 വരെ | 2004-05 to 2009-10 | 31.08.2010 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" | 1571969 | 1509674 | 78549 | 3919 |

| | | | | |
|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | | കിട്ടാനുള്ളതായികാണിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ ആകെ കളക്ഷൻ 1588223. ഡിമാന്റിനേക്കാൾ കൂടുതൽ ആണ്. 16254 ആണ് അധിക കളക്ഷൻ വരേണ്ടത്. എന്നാൽ 32278രൂപ തൻവർഷ advance തുക അടുത്തവർഷത്തേക്ക് adjust ചെയ്യാനുള്ളതായും മുൻവർഷങ്ങളിലേതടക്കം 478429 രൂപ advance ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1571969 | 1626606 | 48598 | *ഡിമാന്റിനേക്കാൾ കളക്ഷൻ .103235 രൂപ അധിക കളക്ഷൻ വരേണ്ടിയിടത്ത് 3920 രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിരിക്കുന്നു.(സഞ്ചയ adjustment).RP 36 പ്രകാരവും adv.collection ഇല്ല.എന്നാൽ 33702 രൂപയാണ് b9 -ൽ adv.collection എടുത്തിട്ടുള്ളത്(സഞ്ചയ lc അടക്കമുള്ള തുക പ്രകാരമുള്ള adjustment) |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(4117 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 864976 | 822663 | 30151 | 14670. യഥാർത്ഥത്തിൽ 12162ആണ് ബാലൻസ് വരേണ്ടത്.5183 രൂപ തൻവർഷ അധിക തുക അടുത്തവർഷത്തേക്ക് adjust ചെയ്യാനുള്ളതായും മുൻവർഷങ്ങളിലേതടക്കം 29929 രൂപ advance ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട് |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 864976 | 707181 | 2680 | *155115 വരുന്നതിനു പകരം 14670 രൂപയായി കറന്റ് ബാലൻസ് കുറച്ചു.വ്യത്യാസം 140445 രൂപ.RP 36പ്രകാരം adv.collection ഇല്ല.എന്നാൽ 6270 രൂപയാണ് b9 -ൽ adv.collection എടുത്തിട്ടുള്ളത്(സഞ്ചയ lc അടക്കമുള്ള തുക പ്രകാരമുള്ള adjustment) |
| | | | | |

| | | | | |
|---|---|---|---|---|
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 15404 /105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 34382 | 47467 | 5334/-.ബാലൻസ് കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു. സഞ്ചയയിൽ 14 വാർഡിൽ 10 നം ഡിമാന്റിൽ കൂടുതൽ കളക്ഷൻ വന്നിട്ടുണ്ട്. 13978 രൂപ ഡിമാന്റ് നേക്കാൾ അധികം കളക്ഷൻ. ബാലൻസ് വരേണ്ടത് 893. |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 28057 | 39118 | 11061 അധിക കളക്ഷൻ വരേണ്ടതിനു പകരം<br>5806 രൂപയാണ് ബാലൻസ് കിട്ടാനുള്ളതായിട്ട് വന്നിട്ടുള്ളത്. വ്യത്യാസം 16867 രൂപ. |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(7432+22028=29460/105*100) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6096.8/105X100)=5806ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 23483 | 10479 | 16892.യഥാർത്ഥത്തിൽ 14 വാർഡുകളിൽ 2 വാർഡുകളിൽ 1066 അധിക കളക്ഷനും 9413(10479-1066) ഡിമാന്റനുസരിച്ച കളക്ഷനും ആണ് അപ്രകാരം 14070 ആണ് ബാലൻസ് വരേണ്ടത്. (23483-9413) |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 142057 | 15191 | 126866 വരുന്നതിന് പകരം 16889 രൂപയാണ് അരിയർ ബാലൻസ് |

| | | | |
|---|---|---|---|
| | | | കാണിച്ചിട്ടുള്ളത് വ്യത്യാസം 109967 രൂപ |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(37154+112006=149160/105*100) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(17744./105X100)=16889., ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | | |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 80272 | 2444 | 82716 | 76650 | 2395 | 79045 | 4202 | | 198. (വരേണ്ടത് 580 അധികം) | 763 (വരേണ്ടത്1ർൻ) | 186(ഗണിത പ്രകാരം വരേണ്ടത് 961) |
| നോൺ-റെസിഡൻഷ്യൽ | 43631 | 1191 | 44822 | 41375 | 527 | 41902 | 1547 | | | | | |
| ആകെ | | | 127538 | | | 120947 | 5749 | | 2441*(842 വരേണ്ടത്) | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 130406.25 | | | 120330 | | | | | 10076 വരുന്നതിനു പകരം 2547 രൂപ B-15 പ്രകാരം വന്നിട്ടുള്ളത്. | | |
| 8559+. 2436945*5/100=121847.25(current LC )...... =130406.25(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-<br>15,431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>43361.8/105*5=2065<br>ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു | | | | |

2.4. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of | 33702 | 32278+1424(LC) |

| | | | |
|---|---|---|---|
| | revenues -Property tax on Residential building | | |
| 2 | 350410104-Advance collection of revenues -Property tax on Non-Residential building | 6270 | 5983+287(LC) |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ പടിയൂർ ഗ്രാമപഞ്ചായത്തിൽ 146 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residentialbuiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. (1.4.18,31.3.19)ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,20,330 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 126696(120947+5749) രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 48598 | 14896(41800271/31.3.19) |
| 2 | 350410104-Advance collection of revenues -Property tax on Non-Residential building | 2680 | ഇല്ല |

2.9. തൻവർഷത്തെയും മുൻവർഷത്തേയും വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ താഴെ പറയും പ്രകാരം രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനവ്/ കുറവ് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ്/കുറവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ്/ കുറവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800223 | 31.3.19 | 16987(കുറവ് എഴുതി തള്ളി) |
| 2 | 41800263 | 31.3.19 | 6347(അരിയർ വർദ്ധനവ്) |
| 3 | 41800271 | 31.3.19 | 1766(തൻവർഷം വർദ്ധനവ്) |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800266 | 31.3.19 | 1946(അരിയർ വർദ്ധനവ്) |
| 2 | 41800272 | 31.3.19 | 38662(തൻവർഷം വർദ്ധനവ്) |
| 3 | 41800273 | 31.3.19 | 8261(തൻവർഷം വർദ്ധനവ്) |
| 4 | 41800274 | 31.3.19 | 3590(അഡ്വാൻസ് വർദ്ധനവ്) |

2.10 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 43361.8രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 2,065 രൂപ (43361.8/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 2,547 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

| വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | തുക |
|---|---|---|
| ഫിഷ് ഷാഫ്റ്റിൽ നിന്നുള്ള വരവ് | 150100105 | 351955 |

4.1/E 16 പ്രകാരം, വസ്തുനികുതി ഇനത്തില് ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി write off ചെയ്ത 31/3/2019 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ശീർഷകം | 2018-19 ൽ write off രേഖപ്പെടുത്തിയ തുക | 31/3/2019 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270300101--Property Tax-R-write off | 2608 | ഇല്ല |
|  | 270300104--Property Tax-NR--write off | 119835 | ഇല്ല |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

5. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (8113) |
| 280100104-Prior period income-Property tax on non | 52459 |

| | |
|---|---|
| residential buildings | |
| 280200401-Prior period income-Other income | (2659) |
| 280300101-Prior period-Recovery of Revenues-write off-property Tax | (16987) |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (537546) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (9765831) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9) 31/3/2019 ലെ ബാലൻസ്ഷീറ്റ് പ്രകാരം Movable Assets-Others എന്ന ശീർഷകത്തിലെ ആസ്തികൾക്ക് 9,50,000 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ ആസ്തികളുടെ 31/3/2019 ലെ Accumalated Depreciation കാണിച്ചിട്ടില്ല.

# 1-12 ലേലം - കുടിശ്ശിക ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2018-19 വർഷത്തെ ലേലവുമായി ബന്ധപ്പെട്ട് ബി- 1624/18 ഫയൽ, രജിസ്റ്ററുകൾ, ഭരണസമിതി തീരുമാനം എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2018-19 മത്സ്യകാപ്പ് ലേലം ഡി.സി.ബി. പത്രിക പ്രകാരം ഈയിനത്തിൽ കുടിശ്ശിക ലഭിക്കാൻ ബാക്കിയുള്ളതായി കാണുന്നു.

| മത്സ്യകാപ്പിന്റെ പേര് | കുടിശ്ശിക |
|---|---|
| പൂക്കോട്ടുപുഴ | 85199/- |
| ചുള്ളിപ്പാലം | 12300/- |
| മുഞ്ഞനാട് | 34999/- |
| കുത്തുമാക്കൽ | 15600/- |
| ആകെ | 148098/- |

ടി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച തുടർനടപടികളെക്കുറിച്ച് അറിയിക്കേണ്ടതാണ്. 2018-19 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം കുടിശ്ശിക ബാക്കി 128598/- രൂപയാണ്. ഡി.സി.ബി രജിസ്റ്ററും വാർഷിക കണക്കിലെ തുകകളും തമ്മിൽ വ്യത്യാസം വന്നതിന്റെ കാരണം അറിയിക്കേണ്ടതാണ് .

2) 2018-19 വർഷത്തെ മത്സ്യകാപ്പ് ലേലം സംബന്ധിച്ച ഫയൽ (ബി 1624/18) പരിശോധിച്ചതിൽ താഴെപ്പറയുന്ന മത്സ്യകാപ്പുകളുടെ ലേലം / ക്വട്ടേഷൻ സ്വീകരിച്ച വ്യക്തികൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടില്ല.

1) കൊച്ചൻതോട് - ജോഷി കൊല്ലപ്പറമ്പത്ത് 1000/-

2) മുഞ്ഞനാട് - വികാസ് എ.സി. 62450/-

3) ചുള്ളിപ്പാലം - വിനോദ് പള്ളത്ത് - 6000/-

3) 2018-19 വർഷത്തെ ലേലം കൈക്കൊണ്ട തുകയ്ക്ക് ജി.എസ്.ടി ഈടാക്കിയിട്ടില്ല. 1.11.17ലെ സ.ഉ.(അച്ചടി)നം.87/2017/ത സ്വ ഭ വ ഉത്തരവ് പ്രകാരം ജി.എസ്.ടി കൂടി ചേർത്തുള്ള തുക ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള 11 കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1. മെറീന എ.ഡി.
2. രാജേഷ് സി.പി.
3. ബാബു സി എഫ്.
4. ബാബു ഐസക് സി.
5. ജെയ്സൺ എം.ഡി.
6. വിജയകുമാർ പി
7. ജോയ് ടി.പി.
8. ശ്രീകുമാർ കെ.എം.
9. ബെന്നി സി.എ,
10. സി.വി. എബ്രഹാം.
11. പോൾസൺ എം.ഐ.

പ്രസ്തുത തൊഴിൽ നികുതി കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയുടെ എണ്ണവും ടി സ്ഥാപനങ്ങൾ ഫാക്ടറി വ്യാപാര ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റ് അന്വേഷണം (നമ്പർ.5/13.07.2020) നടത്തിയതിൽ കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയുടെ എണ്ണം ലഭ്യമല്ല എന്നും ആയത് അന്വേഷിച്ച് ചുമതലപ്പെടുത്താൻ വാർഡ് ക്ലാർക്കുമാരെ ചുമതലപ്പെടുത്തി ഈടാക്കുമെന്നാണ് അറിയിച്ചത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്. മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കേണ്ടതുമാണ്.

1) സഞ്ചയ ലിസ്റ്റ് പ്രകാരം 685 വാണിജ്യ സ്ഥാപനങ്ങൾക്ക് നികുതി അടവാക്കുന്നുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 308 പേർക്കാണ് വ്യാപാര ലൈസൻസ് നൽകിയിട്ടുള്ളത്. 2018-19 ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 321 വ്യാപാരികളാണുള്ളത്.

2018-19 ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും കാലികമാക്കിയിട്ടില്ല എന്നാണ് രജിസ്റ്ററിന്റെ പരിശോധനയിൽ വ്യക്തമായത്. തൻവർഷത്തിൽ പുതുതായി വ്യാപാരം തുടങ്ങിയിട്ടുള്ള താഴെപ്പറയുന്ന ചില വ്യാപാരികളുടെ വിവരം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| കെട്ടിടനമ്പർ | വ്യാപാരിയുടെ പേര് | വ്യാപാരത്തിന്റെ തരം |
|---|---|---|
| XI/34 | ദിൽജിത്ത് | ആയുർവ്വേദ ചികിത്സ നടത്തുന്നതിന് |
| III/50 | ഷാജി & ഷോല ഷാജി | കറിയുപ്പ് മൊത്തവിതരണം |
| V/224 | ഷീജ | പാൽ സംഭരണം |
| VII/209 | സിദ്ധിഖ് സി കെ | ബേക്കറി |
| XIII/179 | മുജീബ് | സിമന്റ് കട്ട നിർമ്മാണം |

2) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങൾ അസംബ്ലി കെട്ടിടം / ഓഡിറ്റോറിയം എന്ന വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

| കെട്ടിടനമ്പർ | ഉടമയുടെ പേര് |
|---|---|
| I/12 A | വികാരി, സെന്റ് ജോസഫ്സ് ചർച്ച് |
| II/421 A,B | ശ്രീജിത്ത് വല്ലൂപറമ്പിൽ |
| VI/61 | ഗോപാലകൃഷ്ണൻ, തകരംകുന്നത്ത് |
| VIII/370 | സെന്റ് ജോസഫ്സ് ലാറ്റിൻ ചർച്ച് |

മേൽ കെട്ടിടങ്ങൾക്ക് ലൈസൻസ് എടുത്തിട്ടുണ്ടോയെന്നുള്ള ഓഡിറ്റ് അന്വേഷണം (നമ്പർ.5/13.07.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കേണ്ടതും കംപ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-15 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ - തുടർനടപടി അറിയിക്കേണ്ടതാണ്.

1) നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ - രജിസ്റ്റർ പ്രകാരം 13-ാം വാർഡിൽ 13/2UA മുതൽ 13/15UA വരെയുള്ള കെട്ടിടങ്ങൾക്ക് 2013-2014 മുതൽ 2018-19 വരെ UAനമ്പരിട്ടതായി കാണുന്നു. ടി അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

2) നിയമാനുസൃതമല്ലാത്ത കെട്ടിട രജിസ്റ്റർ പ്രകാരമുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ സഞ്ചയ- Unauthorized റിപ്പോർട്ടിൽ ഉൾപ്പെട്ടുകാണുന്നില്ല.

| കെട്ടിടനം | ഉടമ | തറവിസ്തീർണം | നികുതി |
|---|---|---|---|
| 1/2UA | പ്രേമലത, വല്ലൂപറമ്പിൽ | 15.14 ച.മീ. | 691+35 |

നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും കേരള പഞ്ചായത്ത് രാജ് ആക്ട് - ചട്ടം 235 എഎ പ്രകാരം ചുമത്തേണ്ട വസ്തുനികുതി (നിയമാനുസൃതം നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ട വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിയും വരുന്ന തുകയും ചേർന്നുള്ള തുക) ഈടാക്കുകയും ചെയ്യേണ്ടതാണ്.

# 1-16 രശീതി പരിശോധന അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിൽ വിതരണം നടത്തിയിട്ടുള്ള താഴെപ്പറയുന്ന രശീതിബുക്കുകളുടെ രശീതികൾ ഉപയോഗിക്കുകയോ റദ്ദുചെയ്യുകയോ ചെയ്തിട്ടില്ല.

| ബുക്ക് നമ്പർ | വിതരണം ചെയ്ത തീയതി | രശീതി നമ്പറുകൾ | ഉദ്യോഗസ്ഥൻ |
|---|---|---|---|
| 29298 | 04.07.2018 | 30 മുതൽ 100 വരെ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 29302 | 20.10.2018 | 92 മുതൽ 100 വരെ | വെറ്ററിനറി സർജൻ |
| 29315 | 09.10.2019 | 48 മുതൽ 100 വരെ | വെറ്ററിനറി സർജൻ |
| 29300 | 03.10.2018 | 1 മുതൽ 100 വരെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് 2011 ചട്ടങ്ങൾ (G.O.(MS) 83/2011/lsgd dt. 28.03.2011) ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെ എല്ലാ അവസരങ്ങളിലും ലഭിച്ച രശീതുബുക്ക് പൂർണ്ണമായും ഉപയോഗിച്ചുതീരുകയും കൗണ്ടർഫോയിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രശീതി ബുക്ക് നൽകാൻ പാടില്ലാത്തതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി കുടിശ്ശിക എഴുതിത്തള്ളിയത് സംബന്ധിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

2018-19 വർഷത്തിൽ മൊബൈൽ ടവർ വസ്തുനികുതിയിനത്തിൽ ലെഡ്ജർ പ്രകാരം 1,18,575/- രൂപ എഴുതിത്തള്ളിയിട്ടുണ്ട്. ടി തുകയുടെ വിശദാംശങ്ങളും എഴുതിത്തള്ളാനുള്ള സാഹചര്യവും അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.7/13.07.2020) ടി എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-18 പെർമിറ്റ് - അപാകതകൾ

1) HBA/296546/2019 തീയതി 23.10.2019 നമ്പർ പെർമിറ്റ് പ്രകാരം സന്തോഷ് പി.എൻ, പൊന്നമ്പുള്ളി എന്ന വ്യക്തിയ്ക്ക് ഫുഡ് പ്രോസസിംഗ് യൂണിറ്റ് നിർമ്മാണത്തിന് (ജി1-കാറ്റഗറിയിൽപ്പെട്ട കെട്ടിടത്തിന്) പെർമിറ്റ് നല്കിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി അഗ്നിശമന വകുപ്പിൽ നിന്നുള്ള അന്തിമ നിരാക്ഷേപ പത്രം കൂടി ഹാജരാക്കേണ്ടതാണ്.

2) HBA/280781/2018 തീയതി 04.12.2018 നമ്പർ പെർമിറ്റ് പ്രകാരം റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ കാലാവധി 02.12.2019 വരെയാണ്. ടി ടവർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും അല്ലാത്തപക്ഷം പെർമിറ്റ് നല്കിയിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

## 1-19 കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണം-വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നം.S094/19

അടങ്കൽ -156250/- (വികസനഫണ്ട്)

ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്)-312500/-

ചെലവ്-ട്രഷറി ബില്ല് നം.P6/18-19/22.12.2018 , 156250/-

25ഗുണഭോക്താക്കൾക്ക് 6250 രൂപ വിതം 1,56,250/- രൂപ എസ്.എൽ.ബി.പി ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗവിവരം നിർവ്വഹണ ഏജൻസിയായ എസ്.എൽ.ബി.പി.യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

## 1-20 ശുചിത്വമിഷൻ ഫണ്ട് - ചെലവു രേഖകൾ ഹാജരാക്കിയില്ല; 1,40,000 രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം, തിയതി – 21800277, 17.7.2018
ചെക്ക് നം, തിയതി - 364153/17.7.18
തുക – 140000
മേൽ വൗച്ചർ പ്രകാരം 1,40,000 രൂപ ശുചിത്വ മിഷൻ ഫണ്ട് പ്രീ മൺസൂൺ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ (പിഎച്ച്സി)ക്ക് കൈമാറി. ഒരു വാർഡിന് 10,000/- രൂപ നിരക്കിൽ 14 വാർഡ് സാനിറ്റേഷൻ കൺവീനർമാരുടെ അക്കൗണ്ടിലേക്കാണ് മെഡിക്കൽ ഓഫീസർ തുക നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ചെലവിന്റെ വൗച്ചറുകളും പ്രവർത്തന റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവു തുക 1,40,000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം.13/14.7.2020)

## 1-21 പെയിൻ & പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നു.

പ്രൊജക്ട് - പെയിൻ & പാലിയേറ്റീവ് കെയർ (65/19)
അടങ്കൽ തുക - 585000
ചെലവ് - 550000
പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം കിടപ്പുരോഗികൾക്കും അടിയന്തിരസഹായം ആവശ്യമുള്ള രോഗികൾക്കും

മരുന്നുകൾ / ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 1,00,000 രൂപ കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷന് നൽകിയെങ്കിലും (proforma invoice no. PRF 2368/13.11.2018) ആയത് ലഭ്യമായത് മാസങ്ങൾക്കു ശേഷം ഗഡുക്കളായാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം. | തീയതി | തുക |
|---|---|---|
| 40185 | 8.3.2019 | 9055 |
| 40707 | 22.3.2019 | 4127 |
| 2327 | 20.5.2019 | 6037 |
| 3067 | 26.5.2019 | 14045 |
| 3571 | 22.6.2019 | 3154 |
| 4257 | 11.7.2019 | 17705 |
| 4263 | 11.7.2019 | 17705 |
| 4268 | 11.7.2019 | 20877 |
| 7762 | 7.11.2019 | 4901 |
| 8260 | 13.11.2019 | 6856 |
| 4158 | 16.6.2020 | 2543 |
| | ആകെ | 1,00,000 |

അടിയന്തരസഹായം ആവശ്യമുള്ള പെയിൻ & പാലിയേറ്റീവ് രോഗികൾക്കും മരുന്ന്/ ഉപകരണങ്ങൾ ലഭ്യമാവാൻ ഒരു വർഷത്തിലധികം സമയം കാലതാമസം വരുന്നത് ഖേദകരമാണ്. അതത് സാമ്പത്തികവർഷ കാലയളവിൽ തന്നെ മരുന്നു ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 ശമ്പള പരിഷ്കരണകുടിശ്ശിക- പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ വിവിധ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പള കുടിശ്ശിക തുകയിലുൾപ്പെട്ട അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം അടവാക്കിയിട്ടില്ല. ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.21/15.7.2020)

| വൗച്ചർ നം/തീയതി | തുക |
|---|---|
| 21800519/8.10.2018 | 77,784 |
| 21800598/30.10.2018 | 32,339 |

# 1-23 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പദ്ധതിനം/പേര് | ബിൽനമ്പർ | തുക | നൽകിയത് |
|---|---|---|---|
| സുശാന്തം വയോജന ക്ഷേമ കേന്ദ്രത്തിന് തുക നൽകൽ<br>പ്രോജക്ട് നം.S0111/18-19 | 15/18-19/17-09-2018 | 50000/- | സുശാന്തം- Soceity for care and compassion |
| തുല്യതാ പഠനം, പ്രോജക്ട് നം.S0013/19 | 36/18-19/22-03-2019 | 49650/- | കേരള സാക്ഷരതാ മിഷൻ |
| എസ്.എസ്.എ, | 06/18-19/14-06- | 500000/- | കേരള സാക്ഷരതാ |

| | | | |
|---|---|---|---|
| പ്രോജക്ട് നം.S0002/18-19 | 2018 | | മിഷൻ |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-24 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

തൻവർഷം ഭവന നിർമ്മാണം ആരംഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

എ)ലൈഫ് ഭവന നിർമ്മാണം -ജനറൽ (38/18)

നിർവ്വഹണോദ്യോഗസ്ഥൻ -വി.ഇ.ഒ,എടത്തിരിഞ്ഞി.

| ക്രമ നം. | പേര്/മേൽവിലാസം | നൽകിയ തുക |
|---|---|---|
| 1 | സുനന്ദ സുകുമാരൻ, മാരാത്ത് | 340000/- |
| 2 | അമ്പിളി, തെക്കൂട്ട് | 340000/- |
| 3 | അജിത, മുരിയത്തറ | 340000/- |
| 4 | സിന്ധു, വില്വമംഗലത്ത് | 300000/- |
| 5 | രമ, വിരുത്തി പറമ്പിൽ | 300000/- |
| 6 | വിജയൻ, ഓളിപ്പറമ്പിൽ | 200000/- |
| 7 | ഷീജ സജീവൻ, പാറാട്ടുപറമ്പിൽ | 300000/- |
| 8 | സുനന്ദ മോഹനൻ, ഊർക്കോലിൽ | 300000/- |
| 9 | ഹസീന റിയാദ്, ഞാറക്കാട്ടിൽ | 311400/- |
| 10 | മണിബാബു, തറയപ്പുറത്ത് | 340000/- |
| 11 | ഓമന ഭാസ്കരൻ, കൊല്ലാറ | 340000/ |

ബി)ലൈഫ് ഭവന നിർമ്മാണം -എസ്.സി.പി.(46/19)

നിർവ്വഹണോദ്യോഗസ്ഥൻ -വി.ഇ.ഒ, പടിയൂർ

മേൽ പ്രോജക്റ്റ് പ്രകാരം തൻവർഷം ഭവന നിർമ്മാണം ആരംഭിച്ച മണി നാരായണൻ എന്ന ഗുണഭോക്താവ് 3,00,000/- രൂപ കൈപ്പറ്റിയെങ്കിലും നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ -ഉപകരണം നാളിതു വരെ വിതരണം ചെയ്തിട്ടില്ല.

പ്രോജക്റ്റ് – ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ (48/19)
നിർവ്വഹണോദ്യോഗസ്ഥൻ –ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ചെലവഴിച്ച തുക -

| ചെക്ക് നം/ ബിൽ നം. തിയതി | തുക |
|---|---|
| 5679318/28.03.19 | 76975/- |
| 5679317/25.03.19 | 23025/- |
| 5679302/21.02.19 | 212875 |

| | |
|---|---|
| 12/25.02.19 | 100000/- |
| | 4,12,875/- |

മേൽ പദ്ധതി പ്രകാരം 4,12,875/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണവിവരം രേഖപ്പെടുത്തേണ്ടതാണ്. ശ്യാമള എന്ന ഗുണഭോക്താവിന് വേണ്ടി 6899/-രൂപ വിലയുള്ള 'Folding wheelchair with chrome plated'(ഇൻവോയ്സ് നം.5183/28.01.19) എന്ന ഉപകരണം വാങ്ങിയെങ്കിലും ആയത് ഗുണഭോക്താവിന് ആവശ്യമില്ലാത്തതിനാൽ നാളിതു വരെ വിതരണം നടത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ ആവശ്യകത ഉറപ്പ് വരുത്താതെ ഉപകരണങ്ങൾ വാങ്ങിയത് ശരിയായ നടപടിയല്ല. ആവശ്യമുള്ള ഗുണഭോക്താവിനെ കണ്ടെത്തി ഉപകരണം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 വൃദ്ധർക്ക് കട്ടിൽ വിതരണം -ഒരു കട്ടിൽ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് – വൃദ്ധർക്ക് കട്ടിൽ വിതരണം (15/19)

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നം. തിയതി. തുക -11/19.03.19 -140000/-

ചെക്ക് നം. തിയതി. തുക -5679309/10.03.19-148522/-

ആകെ ചെലവ് - 2,88,522

തൻവർഷം മേൽ പദ്ധതി പ്രകാരം ഫിറ്റ് വെൽ, കരിയച്ചിറ എന്ന സ്ഥാപനത്തിൽ നിന്നും 78 കട്ടിലുകൾ 3699 /- രൂപ പ്രകാരം (ഇൻവോയ്സ് നം. 58/23.01.19 തുക -288522) ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനായി വാങ്ങിയിട്ടുണ്ട്.

അപാകതകൾ :

1) കട്ടിൽ 78 എണ്ണം വാങ്ങിയതിൽ 77 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ഒരെണ്ണം ആർക്ക് നൽകി എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല.

2)വത്സല രാമചന്ദ്രൻ എന്ന ഗുണഭോക്താവിന് കട്ടിൽ വിതരണം നടത്തിയിട്ടുണ്ടെങ്കിലും പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം പ്രകാരം ടിയാന് 59 വയസ്സ് മാത്രമാണുള്ളത്. 60 വയസ്സ് പൂർത്തിയായവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാത്ത പക്ഷം ചെലവ് തുക തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

# 1-27 അങ്കനവാടി ആവർത്തന ചെലവ് -വൗച്ചറുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം. 47/19

വകയിരുത്തിയ തുക -50000 (നോൺറോഡ്)

വിവിധ അങ്കനവാടികളുടെ കറന്റ് ചാർജ്ജ്, വാട്ടർചാർജ്ജ് എന്നീയിനങ്ങളിൽ തൻവർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം. തിയതി | തുക | വിശദവിവരം |
|---|---|---|
| 02/13.07.18 | 10147 | 2018 മാർച്ച്,ഏപ്രിൽ,മെയ്, ജൂൺ മാസങ്ങളിലെ |
| 09/05.02.19 | 10617 | 2018 ജൂലൈ,ആഗസ്റ്റ്,സെപ്റ്റംബർ, ഒക്ടോബർ,നവംബർ |

മേൽ പ്രകാരമുള്ള ചെലവുകളുടെ വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കാതിരുന്നതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് ക്രമപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-28 അങ്കനവാടി പ്രവർത്തകർക്ക് അധിക വേതനം -ചലാൻ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം. 21/19

വകയിരുത്തിയ തുക -438000/-

ബിൽ നം. തിയതി. തുക -04/30.10.18 -4,38,000/-

അങ്കനവാടി വർക്കേഴ്സ്, ഹെൽപ്പേഴ്സ് എന്നിവർക്ക് അധികവേതനം നൽകുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം 4,38,000/- രൂപ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന്റെ ചലാൻ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

# 1-29 അനുപൂരക പോഷകപരിപാടി -വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം. 30/19

ബിൽ നം. തിയതി. തുക- 01/13.07.18 -2,77,660

മേൽ വൗച്ചർ പ്രകാരം 20952/ രൂപ കണ്ടിജന്റ് ചെലവുകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 2848/- രൂപ വിവിധ അങ്കനവാടികളിലെ മാർച്ച് മാസത്തെ പച്ചക്കറിയിനത്തിലുള്ള ചെലവാണ്. ആയതിന്റെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

# 1-30 യോഗപരിശീലനം -നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം.-77/19
വകയിരുത്തിയ തുക -50000/- (വികസന ഫണ്ട്)

മേൽ പ്രോജക്റ്റ് പ്രകാരം യോഗപരിശീലനം നടത്തുന്നതിന് 21.12.18 ലെ കമ്മിറ്റി തീരുമാന പ്രകാരം ശ്രീമതി. ഉമാദേവി സുകുമാരനെ പരിശീലകയായി തെരഞ്ഞെടുത്തു. ഒരു മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സിന് 400/- രൂപ വീതം പ്രതിഫലം നിശ്ചയിക്കുകയും 6,9,14 എന്നീ വാർഡുകളിലെ മെമ്പർമാരെ മൂന്ന് മേഖലകളിലായി നടത്തുന്ന യോഗ പരിശീലനത്തിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ അറ്റൻഡൻസ് രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ആരും തന്നെ മേൽനോട്ടം നടത്തിയതായി കാണുന്നില്ല. അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിച്ചിരുന്നത് പരിശീലകൻ തന്നെയാണ്. പ്രതിഫലമായി താഴെ പറയും പ്രകാരം 50,000/- രൂപ നൽകുകയും ചെയ്തു. വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം. തിയതി | തുക | റിമാർക്സ് |
|---|---|---|
| 13/07.03.19 | 26800 | ജനവരി, ഫെബ്രുവരി മാസങ്ങളിലെ പ്രതിഫലം |
| 16/27.03.19 | 11200/- | ഫെബ്രുവരി, മാർച്ച് മാസങ്ങ ളിലെ പ്രതിഫലം |
| 18/27.03.19 | 12000/- | മാർച്ച് മാസത്തെ |

| | | |
|---|---|---|
| | | പ്രതിഫലം |
| | 50,000/- | |

അപാകതകൾ :

എ) അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 14.01.19 മുതൽ ക്ലാസ്സുകൾ നടത്തിയതായി കാണുന്നുണ്ടെങ്കിലും എഗ്രിമെന്റ് വെച്ചിട്ടുള്ളത് പിന്നീടാണ്. തിയ്യതി എഗ്രിമെന്റിൽ ചേർത്തിട്ടില്ല. പക്ഷെ മുദ്രപത്രം വാങ്ങിയിട്ടുള്ളത് തന്നെ 17.01.19 നാണ്.

ബി) രജിസ്റ്റർ പ്രകാരം 3 ദിവസത്തെ എക്സ്ട്രാ ക്ലാസ്സ് ഉൾപ്പടെ ആകെ 123 ക്ലാസ്സുകൾ മാത്രമാണ് നടത്തിയിട്ടുള്ളത്. (2019മാർച്ച് 29,30,31 തിയ്യതികളിൽ ഒരു മേഖലയിൽ രണ്ടു ക്ലാസ്സ് എടുത്തതായി അറ്റൻഡൻസ് രേഖപ്പെടുത്തി) ഒരു ദിവസം തന്നെ ഒരു മേഖലയിൽ അഡീഷനൽ ക്ലാസ്സ് എടുത്തിട്ടുള്ളതിന് കമ്മിറ്റി തീരുമാനമോ, ഏൽപ്പിച്ച മെമ്പർമാരുടെ ശുപാർശയോ ഹാജരാക്കിയിട്ടില്ല. 123 ക്ലാസ്സുകൾ എടുത്തതിന് 400/- രൂപ വീതം 49200/- രൂപയാണ് നൽകാവുന്നത്. എന്നാൽ വകയിരുത്തിയ മുഴുവൻ തുക 50,000/- രൂപ പരിശീലകന് കൈമാറി. സർക്കാർ മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/18 ത.സ്വ.ഭ.വ.ഉത്തരവ് ഖണ്ഡിക 7.5.5 പ്രകാരം പ്രതിമാസം പരമാവധി 12000/-രൂപയാണ് പ്രതിഫലമായി നൽകാവുന്നത്. ആയത് പ്രകാരം ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തിയ പരിശീലനത്തിന് പരമാവധി നൽകാവുന്ന തുക 36000/- രൂപയാണ്. ഈയിനത്തിൽ 14,000/- രൂപ അധികം നൽകിയിട്ടുണ്ട്.

സി) പരിശീലകന്റെ അറ്റൻഡൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഡി) 3 മേഖലകളിലായി മൂന്ന് പേരെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും ആരും തന്നെ പരിശീലന വേളയിൽ ഹാജരായതായും മോണിറ്ററിങ്ങ് നടത്തിയതായും കാണുന്നില്ല.
സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച തുക 14000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി ചെലവ് തുക 36,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-31 മരാമത്ത് പ്രവൃത്തികൾ-അവലോകനം

1. ഗ്രാമപഞ്ചായത്ത് തൻവർഷം 70 പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും 46 എണ്ണത്തിൽ മാത്രമാണ് തുക ചെലവഴിക്കാനായത്. ആകെ അടങ്കൽ തുക 199,41,133 രൂപ. ചെലവ് 129,24,395 രൂപ. ചെലവു 65%.
2. പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹണം നടത്തുന്നത് കൂടുതലും റോഡ് പ്രവൃത്തികളാണ്. വിവിധ ഫണ്ടുകൾ വാർഡുതലത്തിൽ വിഭജിച്ച് പദ്ധതി ആവിഷ്കരിക്കുന്ന രീതി തന്നെ തൻവർഷവും തുടരുന്നു. ഒരു റോഡ് മുൻഗണന ക്രമത്തിൽ അതിന്റെ മുഴുവൻ നീളത്തിലും നിർമ്മാണം/ അറ്റകുറ്റപ്പണി നടത്തുന്നില്ല. അനുബന്ധ പ്രവൃത്തികളായ കാന നിർമ്മാണം, സൈഡ് കെട്ടൽ എന്നിവയുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.
3. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 11/2018/തസ്വഭവ, തിയതി 29.01.2018 ഖ 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് ഈ നിർദ്ദേശം പ്രാവർത്തികമാക്കിയതായി രേഖകൾ ലഭ്യമായിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമല്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 02.08.2018 ലെ ജെ- 22652/2018 നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ആസ്തി പരിപാലന കമ്മിറ്റി പഞ്ചായത്ത് തലത്തിൽ രൂപവൽക്കരിച്ചിട്ടുണ്ട്. (25.2.2019 ലെ 3(1) ഭരണസമിതി തീരുമാനം) കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടെങ്കിൽ യോഗ മിനിറ്റ്സ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. നാളിതുവരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
ഭരണസമിതി മിനിറ്റ്സ് പരിശോധിച്ചതിൽ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനായി ഭൂമി/റോഡ്/കെട്ടിടം വിട്ടുകിട്ടിയ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തീരുമാനങ്ങളുണ്ട്. ആയവയിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.
i ) 8.5.18 ലെ 11 (1) തീരുമാനം
ii ) 25.6.18 ലെ 1 (5) തീരുമാനം
iii ) 23.11.18 ലെ 35 (1) തീരുമാനം
iv ) 21.12.18 ലെ 1(6) തീരുമാനം
5. ഓരോ തദ്ദേശ ഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിർദ്ദേശം വർഷങ്ങളായി പദ്ധതി മാർഗ്ഗരേഖകളിൽ സർക്കാർ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. 29.1.18 ലെ മാർഗ്ഗരേഖ സ.ഉ. 11/2018 ലെ ഖ 7.13.1 പ്രകാരം നിർദ്ദേശം ആവർത്തിച്ചിട്ടുണ്ട്. തൻവർഷത്തിലും പഞ്ചായത്തിൽ ഈ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല.
6. രണ്ടു റോഡ് പ്രവൃത്തികളിൽ പ്ലാസ്റ്റിക് ടാറിൽ ചേർത്തു നിർവ്വഹണം നടത്തിയിട്ടുണ്ട്.
7. മാർഗ്ഗരേഖാ ഖണ്ഡിക 7.13.12 പ്രകാരം വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന നിർദ്ദേശമുണ്ട്. ആയത് പ്രാവർത്തികമാക്കിയിട്ടില്ല.(ഓഡിറ്റ് അന്വേഷണം നം.6/13.7.2020)

# 1-32 91-ാം നമ്പർ അങ്കനവാടി നിർമ്മാണം -അപാകതകൾ

എ) പ്രോജക്റ്റ് നം. 127/19

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക -280000/- (വികസന ഫണ്ട്)

ജില്ലാപഞ്ചായത്ത് വിഹിതം -300000/-

ആകെ -580000/-

ബിൽ നം. തിയതി. തുക -43/27.03.19 -2,79,926/-

എം.ബുക്ക് നമ്പർ -60/18-19
കരാറുകാരൻ -രാജേഷ്.സി.എ.

ബി) പ്രോജക്റ്റ് നം. 76/19

വകയിരുത്തിയ തുക -495000/- (വികസന ഫണ്ട്)

ജില്ലാപഞ്ചായത്ത് വിഹിതം -200000/-

ആകെ -695000/-

കരാറുകാരൻ -രാജേഷ്.സി.എ.

ബിൽ നം. തിയതി. തുക -48/27.03.19 -4,10,283/-

എം.ബുക്ക് നമ്പർ -64/18-19

എം.ബുക്ക് നമ്പർ -14/17-18

എം.ബുക്ക് നമ്പർ -67/18-19

എം.ബുക്ക് നമ്പർ -50/18-19

എം.ബുക്ക് നമ്പർ -66/18-19

മുൻ വർഷത്തെ പ്രോജക്റ്റായ 91-ാം നമ്പർ അങ്കനവാടി നിർമ്മാണം സ്പിൽ ഓവർ പ്രോജക്റ്റായി തൻവർഷം ഉൾപ്പെടുത്തി. ജില്ലാപഞ്ചായത്ത് വിഹിതം 300000/- രൂപയും വികസന ഫണ്ട് 280000/- രൂപയും കൂടി 580000/- രൂപ വകയിരുത്തി. ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ പഞ്ചായത്ത് വിഹിതമായ 280000/- രൂപയിൽ പരിമിതപ്പെടുത്തി റൂഫ് ടോപ്പ് വരെയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതു പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് പാർട്ട് ബിൽ നൽകി പ്രവൃത്തി ക്ലോസ് ചെയ്തു.
തുടർന്നുള്ള പ്രവൃത്തികൾ മറ്റൊരു പ്രോജക്റ്റായി 91-ാംനമ്പർ അങ്കനവാടിനിർമ്മാണം എന്ന പേരിൽ തൻവർഷം ഉൾപ്പെടുത്തുകയും ചെയ്തു. ഫസ്റ്റ്&ഫൈനൽ ബിൽ പ്രകാരം തൻവർഷം 4,10,283/-രൂപ കരാറുകാരന് നൽകുകയും ചെയ്തു.

അപാകതകൾ :

1) 29.1.2018 ലെ സ.ഉ.(കൈ)നം.11/2018യത.സ്വ.ഭ.വ നമ്പർ മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്ന പ്രകാരം ഒരു കെട്ടിടത്തിന്റെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. മുൻ പ്രോജക്റ്റ് പ്രകാരം പണിപൂർത്തീകരിക്കുന്നതിന് 580000/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ മുൻ പ്രോജക്റ്റ് പ്രകാരം 279926/-രൂപയും 76/19 നമ്പർ പ്രോജക്റ്റ് പ്രകാരം 619269/-രൂപയും കൂടി ആകെ 8,99,195/- രൂപ തൻവർഷം ചെലവഴിച്ചു. ജില്ലാപഞ്ചായത്ത് വിഹിതം സമയബന്ധിതമായി ലഭ്യമാക്കാത്തതു മൂലം ഒരു പ്രോജക്റ്റായി കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനു പകരം രണ്ടു പ്രോജക്റ്റായി നടപ്പാക്കിയതിനാൽ സ്ഥാപനത്തിന് 3,19,195/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2) 76/19 നമ്പർ പ്രോജക്റ്റിന് സാങ്കേതികാനുമതി ലഭിച്ചതിന്റെ രേഖകൾ, എഗ്രിമെന്റ് എന്നിവ ഫയലിൽ ഇല്ല.

3) മേൽ പ്രവർത്തിയുടെ 3rd & ഫൈനൽ ബിൽ പ്രകാരം എം.ബുക്ക് നമ്പർ 50/18-19 പേജ് നം.5-ൽ പ്രവൃത്തി വെള്ളാങ്കല്ലൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത തിയ്യതി 18.03.19 -ഉം ഫൈനൽ ബില്ലിൽ ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തിയ തിയ്യതി 20.04.20 -ഉം ആണ്. ഇതേ ബില്ലിൽ അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് എടുത്ത തിയ്യതി 16.07.19 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എഗ്രിമെന്റ് തിയ്യതിയായ 27.06.18 മുതൽ ഒരു വർഷത്തിന് ശേഷമാണ്. 19-20വർഷത്തിൽ

ഫൈനൽ ബിൽ നൽകിയിട്ടുണ്ടെങ്കിലും പിഴ പലിശ ഈടാക്കിയതായി കാണുന്നില്ല.
സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനുള്ള വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും, പ്രോജക്ടുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-33 2014-15 വർഷത്തിൽ ടെണ്ടർ നടപടിക്ക് മുമ്പേ പൂർത്തീകരിച്ച കുറ്റിലക്കടവ് റോഡ് പ്രവൃത്തി-ഹൈക്കോടതി വിധിക്കനുസൃതമായി കോൺട്രാക്ടർക്ക് തുക കൈമാറി.

പ്രൊജക്ട് - കുറ്റിലക്കടവ് റോഡ് തുക നൽകൽ (155/19)
തനതുഫണ്ട് അടങ്കൽ തുക : 3,49,747
ചെലവു തുക : 3,49,747
ചെക്ക് നം. 2357172/21.1.2019 തുക :1,00,000
ചെക്ക് നം. 2357183/20.3.2019 തുക :2,49,747
ഗ്രാമപഞ്ചായത്ത് 2014-15 വർഷത്തിൽ ആവിഷ്കരിച്ച പ്രവൃത്തിയാണ് കുറ്റിലക്കടവ് റോഡ് ടാറിംഗ്. (പ്രൊജക്ട് നം.138/15) അടങ്കൽ തുക –4,00,000 (ലോകബാങ്ക് വിഹിതം)
എന്നാൽ മേൽ പ്രവൃത്തി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ നിർവ്വഹണം നടത്തിയതായി കാണപ്പെടുകയും, പ്രവൃത്തിസ്ഥലത്ത് വിജിലൻസ് പരിശോധന നടക്കുകയും ചെയ്തിരുന്നു. 18.3.2017ലെ 24ാം നമ്പർ തീരുമാന പ്രകാരം നടപ്പിലാക്കാൻ കഴിയാത്ത ടി പദ്ധതി ഉപേക്ഷിച്ചതായി ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തി നടത്തിയ കോൺട്രാക്ടർ ഹാഷിം എം.എം ചെയ്ത പ്രവൃത്തിയുടെ തുക പഞ്ചായത്ത് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആവശ്യം നിരസിക്കപ്പെട്ടതിനെ തുടർന്ന് കോൺട്രാക്ടർ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല വിധി നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. (17.8.2017 ലെ W.P(C) No. 19327/2017) വിധിന്യായത്തിലെ നിർദ്ദേശാനുസരണം കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുക്കുകയും ആയതുപ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. (സ.ഉ(സാധാ) 3673/2017/തസ്വഭവ തീയതി 15.11.2017) നിലവിലുള്ള അസി.എഞ്ചിനീയറുടെ വാല്വേഷൻ പ്രകാരം തനതുഫണ്ടിൽ നിന്നും തുക നൽകണമെന്നാണ് ഉത്തരവ് നിർദ്ദേശിക്കുന്നത്. മേൽ സാഹചര്യത്തിലാണ് കോൺട്രാക്ടർക്ക് തുക കൈമാറുന്നതിനു വേണ്ടി മാത്രം പ്രൊജക്ട് തയ്യാറാക്കിയത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെ പറയുന്ന വസ്തുതകൾ നിരീക്ഷിച്ചു.
1. തദ്ദേശസ്വയംഭരണവകുപ്പിന്റെ 15.11.2017 തിയതിയിലെ സ.ഉ (സാധാ) നം. 3673/2017/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പ്രവർത്തിയുടെ വാല്വേഷൻ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ തയ്യാറാക്കുകയും ആയതിന് 16.5.2018 തിയതിലെ E43/AEE/VLGR നംപർ ഉത്തരവ് പ്രകാരം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തനതുഫണ്ടിൽ നിന്നും 3,49,747 രൂപയ്ക്ക് പ്രൊജക്ട് തയ്യാറാക്കി. IT 1%, KCWWF 1% കുറവുവരുത്തി 3,42,753 രൂപ കോൺട്രാക്ടർക്ക് ( എം.എം ഹാഷിം) കൈമാറിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 15.11.2017 ലെ സർക്കാർ ഉത്തരവിനെ തുടർന്ന് അസി.എഞ്ചിനീയർ വാല്വേഷൻ തയ്യാറാക്കി. വെള്ളാങ്കല്ലൂർ അസി. എക്സി എഞ്ചിനീയർ ആയത് അംഗീകരിച്ചിട്ടുണ്ട്.
വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് വിഭാഗം അസി. എക്സി.എഞ്ചിനീയറുടെ നടപടിക്രമം Order No. E43/AEE/VLGR dated 16.5.2018 പ്രകാരം കരാർ പ്രവൃത്തിക്ക് ബാധകമായ നിയമാനുസൃത കുറവുകൾ വരുത്തിയും, പിന്നീട് വ്യവഹാരത്തിനാലോ, ഓഡിറ്റിനാലോ ടി തുക തടസ്സപ്പെടുത്തിയാൽ കരാറുകാരനിൽ നിന്ന് തന്നെ ഈടാക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും തുക കോൺട്രാക്ടർക്ക് നൽകണമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ നിർദ്ദേശം പൂർണ്ണമായി പാലിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല. ഹാഷിം കോൺട്രാക്ടറുമായി മേൽപറഞ്ഞ വ്യവസ്ഥ രേഖപ്പെടുത്തിയ ഒരു കരാർ ചമച്ചിട്ടില്ല. വാല്വേഷൻ തുക 3,49,747 രൂപയിൽ നിന്നും GST/TDS കുറവുവരുത്തിയിട്ടില്ല. IT,KCWWF കുറവു ചെയ്തിട്ടുണ്ടെങ്കിൽ ആയത് അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.
2. തുക കൈമാറുന്നതു സംബന്ധിച്ച 2.6.218 ലെ 7/1 നമ്പർ ഭരണ സമിതി തീരുമാനത്തിൽ 6 പഞ്ചായത്ത് അംഗങ്ങൾ വിയോജനകുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. വിയോജനകുറിപ്പുകളിലും, 3.8.2015 ൽ പടിയൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/ സെക്രട്ടറിക്ക് നൽകിയ കത്തുപ്രകാരവും കുറ്റിലക്കടവ് റോഡ് പ്രവൃത്തിയിൽ വിജിലൻസ് അന്വേഷണം നടക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/13.7.2020) സെക്രട്ടറി/അസി.എഞ്ചിനീയർ തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-34 എസ്റ്റിമേറ്റു പ്രകാരമുള്ള ഇനങ്ങളുടെ പൂർത്തികരണശേഷവും പ്രവൃത്തിക്ക് പാർട്ട് ബിൽ

# നൽകി:വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവുതുക 88,487 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - വെള്ളക്കെട്ട് നിവാരണം (136/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

| | | | |
|---|---|---|---|
| അടങ്കൽ തുക | 65,000(F.C.Grant) | 50,000(Own Fund) | 1,15,000 |
| ചെലവ് | 65,000 | 23,487 | 88,487 |

ട്രഷറി ബിൽ നം.21/24.10.2018

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.) Estimate Report ഫയലിൽ സൂക്ഷിച്ചുകാണുന്നില്ല. Detailed Estimateപ്രകാരം 1.80 m നീളമുള്ള 300 mm dia RCC pipes 77 എണ്ണം സ്ഥാപിക്കുന്നതിന് 1,15,000 രൂപയുടെ അടങ്കൽ തുക കാണിച്ചിരിക്കുന്നു. സ്പിൽ ഓവർ പ്രൊജക്ടും ഫയലിൽ ഉണ്ടായിരുന്നില്ല.

2.) ബെന്നി.സി.എ എന്ന കോൺട്രാക്ടറുമായി 09.01.2018 പ്രാബല്യത്തിൽ 28/AE/lsgd/pdr/17-18 നമ്പറിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. Technical sanction പ്രകാരം 6 മാസമാണ് പൂർത്തീകരണ കാലാവധി. ആയതനുസരിച്ച് 7/18 ന പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. 06.08.2018 ന് last check measure നടത്തിയ പ്രവൃത്തിക്ക് part bill നൽകി. (M.B No.258/17-18 page 1 ) Ist & part ബില്ലിൽ “Offical date of completion of the work- ongoing “ എന്നു കാണിച്ചിരിക്കുന്നു. Date of completion as per agreement 09.11.2018 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. 108 mനീളത്തിൽ പൈപ്പ് ചെയ്തിട്ടുണ്ട്. Estimate പ്രകാരം 138.6 m ആയിരുന്നു ചെയ്യേണ്ടിരുന്നത്. എസ്റ്റിമേറ്റ് പുതുക്കിയതായും കാണുന്നില്ല. ടി പ്രവൃത്തി part Bill ആക്കി നിർത്തിയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.) സ്പിൽ ഓവർ പ്രവൃത്തിയായതിനാൽ തൻവർഷം പൂർത്തീകരിക്കേണ്ടതായിരുന്നു. കോൺട്രാക്ടർക്ക് കാലാവധി നീട്ടികൊടുത്തിട്ടില്ല. Time extension ന വേണ്ട അപേക്ഷ AE മുഖാന്തിരം നൽകിക്കാണുന്നില്ല. Supplementary agreement വെച്ചിട്ടില്ല. ആകെ ഒരിനം മാത്രമുള്ള അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ട ഈ പ്രവൃത്തിക്ക് പരമാവധി 6 മാസമാണ് എടുക്കാവുന്നത്. Last check measure ചെയ്ത് രണ്ടു വർഷമാകാറായിട്ടും Part Bill ന ശേഷം എന്തെങ്കിലും പ്രവൃത്തികൾ നടത്തിയതായി രേഖയില്ല (M.B No. 258). കരാറുകാരന്റെ ഭാഗത്തു നിന്നും പിഴവു സംഭവിച്ചിട്ടുണ്ടെങ്കിൽ ഫൈനോടു കൂടി Time extension നൽകേണ്ടതായിരുന്നു. ടി പ്രവൃത്തി part Bill ആക്കി നിർത്തിയിരിക്കുന്നതിന് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ ചെലവുതുക 88,487 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.8/14.7.2020)

# 1-35 കോസ്റ്റ് ഇൻഡക്സ്:-പഴയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി

2016 ലെ DSR പ്രകാരം കണക്കാക്കേണ്ട കോസ്റ്റ് ഇൻഡക്സ് 01.10.2017 മുതൽ തൃശ്ശൂർ ജില്ലയിൽ 37.25% ആണ്. (order no.CE/Admn/PLA/EMP/1014(a)/05/19-09-2017, Chief Engineer, Public Works Departments R&B and Administration, TVPM) എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിക്ക് പഴയ നിരക്കായ 40.20% ആണ് നൽകിയിരിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം/പേര് | എസ്റ്റിമേറ്റ് തുക/ ടി.എസ് നം./തിയതി | ടെണ്ടർ തിയതി | വർക്ക് ഓർഡർ നൽകിയ തിയതി | ആകെ ചെയ്ത വർക്ക് | 37.25% കോസ്റ്റ് ഇൻഡക്സ് കണക്കാക്കി ചെയ്തിരുന്നെങ്കിൽ എസ്റ്റിമേറ്റ് തുക | ലാഭിക്കാമായിരുന്ന തുക | ആകെ ചെയ്ത വർക്കിൽ ലാഭിക്കാമായിരുന്ന തുക | ബിൽ നം/ തിയതി/തുക |
|---|---|---|---|---|---|---|---|---|
| വിവിധ അംഗൻവാടികളുടെ നവീകരണം So129/18 | 853000/- (മറ്റുവക ഇനം ഒഴിവാക്കി-845322.48) 74520/2017-18/27.09.2017 | 08-11-2017 | 07.12.2017 (ജോയ്സൻ, കരാർ.നം. 33/AE/LSGD/PDR/17-18/07.12.2017 | 843631/- | 845322.48* 37.25/40.20= 783290/- | 62032/- | (843631* 37.25/40.20= 781723) 843631-781723= 61908/- | 1.12/18-19/31.07.2018=117597/- 2..13/18-19/31.07.2018=726034/- |

ഉത്തരവ് ഇറങ്ങിയതിന് ശേഷമാണ് T.S നൽകിയിരിക്കുന്നത് ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

.. ..

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 യോഗപരിശീലനം -നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം.-77/19
വകയിരുത്തിയ തുക -50000/- (വികസന ഫണ്ട്)

മേൽ പ്രോജക്റ്റ് പ്രകാരം യോഗപരിശീലനം നടത്തുന്നതിന് 21.12.18 ലെ കമ്മിറ്റി തീരുമാന പ്രകാരം ശ്രീമതി. ഉമാദേവി സുകുമാരനെ പരിശീലകയായി തെരഞ്ഞെടുത്തു. ഒരു മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സിന് 400/- രൂപ വീതം പ്രതിഫലം നിശ്ചയിക്കുകയും 6,9,14 എന്നീ വാർഡുകളിലെ മെമ്പർമാരെ മൂന്ന് മേഖലകളിലായി നടത്തുന്ന യോഗ പരിശീലനത്തിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ അറ്റന്റൻസ് രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ആരും തന്നെ മേൽനോട്ടം നടത്തിയതായി കാണുന്നില്ല. അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിച്ചിരുന്നത് പരിശീലകൻ തന്നെയാണ്. പ്രതിഫലമായി താഴെ പറയും പ്രകാരം 50,000/- രൂപ നൽകുകയും ചെയ്തു. വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം. തിയതി | തുക | റിമാർക്സ് |
|---|---|---|
| 13/07.03.19 | 26800 | ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പ്രതിഫലം |
| 16/27.03.19 | 11200/- | ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പ്രതിഫലം |
| 18/27.03.19 | 12000/- | മാർച്ച് മാസത്തെ പ്രതിഫലം |
| | 50,000/- | |

അപാകതകൾ :

എ) അറ്റന്റൻസ് രജിസ്റ്റർ പ്രകാരം 14.01.19 മുതൽ ക്ലാസ്സുകൾ നടത്തിയതായി കാണുന്നുണ്ടെങ്കിലും എഗ്രിമെന്റ് വെച്ചിട്ടുള്ളത് പിന്നീടാണ്. തിയ്യതി എഗ്രിമെന്റിൽ ചേർത്തിട്ടില്ല. പക്ഷെ മുദ്രപത്രം വാങ്ങിയിട്ടുള്ളത് തന്നെ 17.01.19 നാണ്.

ബി) രജിസ്റ്റർ പ്രകാരം 3 ദിവസത്തെ എക്സ്ട്രാ ക്ലാസ്സ് ഉൾപ്പടെ ആകെ 123 ക്ലാസ്സുകൾ മാത്രമാണ് നടത്തിയിട്ടുള്ളത്. (2019മാർച്ച് 29,30,31 തിയ്യതികളിൽ ഒരു മേഖലയിൽ രണ്ടു ക്ലാസ്സ് എടുത്തതായി അറ്റന്റൻസ് രേഖപ്പെടുത്തി) ഒരു ദിവസം തന്നെ ഒരു മേഖലയിൽ അഡീഷനൽ ക്ലാസ്സ് എടുത്തിട്ടുള്ളതിന് കമ്മിറ്റി തീരുമാനമോ, ഏൽപ്പിച്ച മെമ്പർമാരുടെ ശുപാർശയോ ഹാജരാക്കിയിട്ടില്ല. 123 ക്ലാസ്സുകൾ എടുത്തതിന് 400/- രൂപ വീതം 49200/- രൂപയാണ് നൽകാവുന്നത്.

എന്നാൽ വകയിരുത്തിയ മുഴവൻ തുക 50,000/- രൂപ പരിശീലകന് കൈമാറി. സർക്കാർ മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/18 ത.സ്വ.ഭ.വ.ഉത്തരവ് ഖണ്ഡിക 7.5.5 പ്രകാരം പ്രതിമാസം പരമാവധി 12000/-രൂപയാണ് പ്രതിഫലമായി നൽകാവുന്നത്. ആയത് പ്രകാരം ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തിയ പരിശീലനത്തിന് പരമാവധി നൽകാവുന്ന തുക 36000/- രൂപയാണ്. ഈയിനത്തിൽ 14,000/- രൂപ അധികം നൽകിയിട്ടുണ്ട്.

സി) പരിശീലകന്റെ അറ്റൻ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഡി) 3 മേഖലകളിലായി മൂന്ന് പേരെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും ആരും തന്നെ പരിശീലന വേളയിൽ ഹാജരായതായും മോണിറ്ററിങ്ങ് നടത്തിയതായും കാണുന്നില്ല.
സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച തുക 14000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി ചെലവ് തുക 36,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16.08.2019, 17.08.2019 | KSA-TSR(എസ്1)-1120/19(59) dt.24.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| | 2018-19 | 250000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 250000 | 0 |
| | 2018-19 | 1544800 | ലൈഫ് ഭവനപദ്ധതി ജനറൽ | 1544800 | 0 |
| | 2018-19 | 27600 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 0 | 27600 |
| | 2018-19 | 150000 | പെയിൻ & പാലിയേറ്റീവ് കെയർ | 150000 | 0 |
| | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സഹായം | 150000 | 0 |
| | 2018-19 | 460000 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 460000 | 0 |
| | 2018-19 | 150000 | ആശ്രയ ഭവന പുനരദ്ധാരണം | 33125 | 116875 |
| | 2018-19 | 235900 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ | 235900 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1067825 | ലൈഫ് ഭവനപദ്ധതി ജനറൽ | 1067825 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 200000 | അനുപൂരക പോഷകാഹാര പരിപാടി | 200000 | 0 |
| | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സഹായം | 200000 | 0 |
| | 2018-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 2018-19 | 100000 | ഭിന്നശേഷിക്കാർക്ക് വാഹനം/ ഉപകരണങ്ങൾ | 76975 | 23025 |
| | 2018-19 | 148522 | വയോജനങ്ങൾക്ക് കട്ടിൽ | 148522 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശം | ഉത്തരവ് നം/ തിയതി | വായ്പ തുക | വാർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ ലൈഫ് മിഷൻ | സ.ഉ(എം.എസ്) നം. 68/ 2018/ തസ്വഭവ 18.05.2018 സ.ഉ(എം.എസ്) നം.111/ 2018/ തസ്വഭവ 13.08.2018 | 4482177 | | 4482177 | | | 4482177 |
| ഇ എം എസ് ഭവനപദ്ധതി | സ.ഉ(സാ) നം. 975/ 2010/ തസ്വഭവ 22-03-2010 | 10711500 | 502400 | | 502400 | | 0 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി സംബന്ധിച്ച് | നിയമനം ഇതുവരെ അംഗീകരിച്ചിട്ടില്ല. അംഗീകരിച്ച് ശമ്പളം ലഭിക്കുന്ന മുറക്ക് തൊഴിൽ നികുതി അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52153792 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52691338 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,64,487 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 14,000 | കാർത്ത്യായനി.കെ.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 14,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,40,000 | ഡോ. ലവീണ കെ.എ, മെഡിക്കൽ ഓഫീസർ |
| 1-34 | 88,487 | രശ്മി.പി, അസി.എഞ്ചിനീയർ |
| 1-30 | 36,000 | കാർത്ത്യായനി.കെ.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 2,64,487 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ലവീണ കെ. എ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പടിയൂർ ഗ്രാമപഞ്ചായത്ത് | കൊരട്ടിപറമ്പിൽ ഹൗസ്, കാട്ടൂർ പി.ഒ, കരാഞ്ചിറ, തൃശ്ശൂർ ജില്ല |
| രശ്മി.പി, | അസി.എഞ്ചിനീയർ, | ആപ്പറമ്പത്ത് ഹൗസ്, |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ഗുരുവായൂർ നഗരസഭ | തളിക്കുളം.പി.ഒ |
| കാർത്ത്യായനി.കെ.വി<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ<br>പടിയൂർ<br>ഗ്രാമപഞ്ചായത്ത് | w/o വേലായുധൻ<br>മുതലക്കുടത്ത് ഹൗസ്,<br>അവിട്ടത്തൂർ.പി.ഒ<br>പിൻ.680683 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1976-77 | 12-292/12/ 12.9.97 | 4 | |
| 1977-78 | " | 24 | |
| 1978-79 | " | 22 | |
| 1982-83 | 12/292/ 19.2.97 | 5, 19 | |
| 1983-84 | 264/11(1)/18.5.11 | 4c, 5, 15b | |
| 1984-85 | “ | 14a, c, 3, 12, 13, 15, 16, 17 | |
| 1985-86 | “ | 3, 11, 12, 13, 14, 15 | |
| 1986-87& 87-88 | 292/ 19.2.97 | 14 | |
| 88-89 & 89-90 | 264/11(1)/ 19.5.11 | 7,8 | |
| 90-91 | 292/ 19.2.97 | 4 | |
| 92-93 & 93-94 | 12-1624/95/23.7.96 | 5 | |
| 94-95 & 95-96 | 12-1929/97/7.3.97 | | |
| 96-97 | 12-1456/96/3.11.98 | | |
| 97-98 | 12-475/99/29.5.99 | | |
| 98-99 | 12-54/2000/12.6.2000 | | |
| 99-2000 | 12-1703/2000/6.2.2001 | | |
| 2000-01&01-02 | 12-1780/03/26.2.04 | | |
| 2002-03 | 12-1916/09/13.7.2006 | 2-2, 2-3(1), (2), 2-4, 2-6, 3-1(a), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8(a), 3-9 | |
| 2003- | 9-1863/05/13.7.2006 | 2-7(2), 3-1, 3-3, 3-4, 3-5, 3-6, 3-8 | |

| | | | |
|---|---|---|---|
| 04 | | (a,b), 3-10, 3-13 | |
| 2004-05 | 9-373/09/8.7.10/16.8.10 | 2-3, 2-4, 3-5, 3-6(a), (b), (c), (d), 3-7, 3-8, 3-9, 3-10, 3-14 | |
| 2005-06 | 9-1980/09/22.9.10 | 2-2, 3-1, 3-3(4), 3-4, 3-6, 3-7, 3-8, 3-10 | |
| 2006-07 | 9-1983/09/22.9.10 | 2-2(b), 2-3, 2-4, 3-1, 3-2, 3-3, 3-4, 3-6, 3-7(i)(ii)(iii)(iv)(v)(vi), 3-10 | |
| 2007-08 – 2010-2011 | 1-1660/2012/8.2.13/1.6.13 | | |
| 2011-12 | 1-1431/13/9.1.14 | | |
| 2012-13 | 1-1269/14/12.12.14/12.3.15 | | |
| 2013-14 | കെ.എസ്.എ.ടി. എസ്. ആർ. (പി1)233/16 തി.17.02.16.. | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി1)982/16 തി.14.06.16 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി1)2128/16 തി.25.01.17 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (പി1)1725/2017 തി.30.11.17/20.12.17 | - | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ. (പി1)256/2019 തീ.12.02.2019 | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ